## ജില്ലാ കളക്ടർ & ചെയർമാൻ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി, ഇടുക്കിയുടെ നടപടിക്രമം.

**(ഹാജർ: എച്ച്. ദിനേശൻ ഐ എ എസ്)**

വിഷയം: കൊവിഡ് 19 – ഇടുക്കി ജില്ല - കൺടെയിൻമെൻറ് മേഖലകൾ വിജ്ഞാപനം ചെയ്ത്/വിട്ടതൽ ചെയ്ത് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം :
1) G.O (Ms) No. 18/2020/DMD തീയതി 17.06.2020
2) G.O (Rt) No. 691/2020/DMD തീയതി 01.09.2020
3) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 27/10/2020 ലെ 40-3/2020-DM-I (A) നമ്പർ ഉത്തരവ്.
4) ജില്ലാ മെഡിക്കൽ ഓഫീസർ (ആ) യുടെ 03/12/2020 തീയതിയിലെ അപേക്ഷ.

### ഉത്തരവ് നമ്പർ DCIDK/1640/2020 – DM1 തീയതി: 03-12-2020

കൊവിഡ് - 19 നിർവ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ സംബന്ധിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൺടെയിൻമെന്റ് മേഖലകളിൽ നിലവിലെ ലോക്ക്ഡൌൺ നിയന്ത്രണങ്ങൾ തുടരുന്നതിനും, ആവശ്യമെങ്കിൽ പ്രസ്തുത മേഖലകളിൽ അധിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയും ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ കണ്ടെയ്ൻമെന്റ് മേഖലകൾ നിർണ്ണയിക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ജില്ലയിലെ കൊവിഡ് വ്യാപനം കണക്കിലെടുത്ത് കണ്ടെയ്ൻമെന്റ് മേഖലകളിൽ ഉൾപ്പെടുത്തേണ്ട/ ഒഴിവാക്കേണ്ട മേഖലകൾ സംബന്ധിച്ച് പരാമർശം (4) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ (ആ) ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ജില്ലയിൽ സമ്പർക്കം മൂലമുള്ള കോവിഡ് - 19 കേസുകൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കണ്ടൈൻമെൻറ് മേഖലകളായി വിജ്ഞാപനം ചെയ്തിരുന്ന **ചുവടെ ചേർക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ / പ്രദേശങ്ങൾ കണ്ടെയ്ൻമെൻറ് മേഖലകളിൽ നിന്നും ഒഴിവാക്കി** ദുരന്തനിവാരണ നിയമം 2005 സെക്ഷൻ 30 (2 ) (v) പ്രകാരം ഉത്തരവാകുന്നു.

| ക്രമ നം. | തദ്ദേശ സ്വയംഭരണ സ്ഥാപനം | കണ്ടെയിൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് സോൺ |
|---|---|---|
| 1 | തൊടുപുഴ നഗരസഭ | 22, 24 വാർഡുകളിൽ ഉൾപ്പെടുന്ന<br>i) കാഞ്ഞിരമറ്റം കാപ്പിത്തോട്ടം റോഡ് മുതൽ പഴമ്പള്ളിക്കട വരെയുള്ള റോഡിൻറെ ഇരുവശവും (ലക്ഷംവീട് കോളനി ഉൾപ്പടെ).<br>ii) ലക്ഷം വീട് കോളനിയുടെ വലത് വശത്തുള്ള റോഡിന്റെ (പഴശ്ശി റോഡ്) ഇരുവശവും റോഡ് |

| | | |
|---|---|---|
| | | അവസാനിക്കുന്നത് വരെ<br>iii) ടാഗോർ റോഡിന്റെ ഇരുവശവും പീഡിക്കൽ സ്റ്റോർ വരെ |
| 2 | കരുണാപുരം ഗ്രാമ പഞ്ചായത്ത് | 3-ാം വാർഡിൽ ഉൾപ്പെട്ടു വരുന്ന വട്ടപാറ മുതൽ ചില്ലപാറ - കുരിശുമല താഴേഭാഗം - വട്ടപാറ വരെയുള്ള റോഡിന് ഇരു വശങ്ങളിലുമുള്ള ഭാഗങ്ങൾ |
| 3 | ഇടവെട്ടി ഗ്രാമ പഞ്ചായത്ത് | 8-ാം വാർഡിൽ ഉൾപ്പെട്ടു വരുന്ന ആശുപത്രി ജംഗ്ഷൻ, നാലുപാടി, ചൊക്കൻപാറ, ചൊക്കൻപാറയുടെ താഴ്ഭാഗം എന്നീ ഭാഗങ്ങൾ. |

ചുവടെ ചേർക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ/ പ്രദേശങ്ങൾ കണ്ടെയ്ൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് മേഖലകളായി തുടരുന്നതാണ്.

| **ക്രമ നമ്പർ** | **തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്** | **കണ്ടെയിൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് മേഖല** |
|---|---|---|
| 1. | വാഴത്തോപ്പ് ഗ്രാമ പഞ്ചായത്ത് | 2 -ാം വാർഡ് പൂർണ്ണമായും |
| 2. | കുടയത്തൂർ ഗ്രാമ പഞ്ചായത്ത് | a) 10 -ാം വാർഡ് പൂർണ്ണമായും<br>b) 9 -ാം വാർഡിൽ ഉൾപ്പെട്ട് വരുന്ന പഴയ പഞ്ചായത്ത് റോഡ് മുതൽ കുടയത്തൂർ പാലം വരെയുള്ള റോഡിന് ഇരുവശവും. |
| 3. | പെരുവന്താനം ഗ്രാമ പഞ്ചായത്ത് | 11 -ാം വാർഡ് പൂർണ്ണം |

**കൺടെയിൻമെന്റ് മേഖലകൾ ഒഴികെയുള്ള ജില്ലയുടെ മറ്റ് മേഖലകളിൽ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളും ഇളവുകളും ബാധകമായിരിക്കുന്നതാണ്.**

ഈ ഉത്തരവിന് ഇന്നേ ദിവസം **(03.12.2020)** മുതൽ കണ്ടെയ്ൻമെൻറ് മേഖലയിൽ നിന്നും പ്രസ്തുത കണ്ടെയ്ൻമെൻറ്/ മൈക്രോ കണ്ടെൻമെൻറ് മേഖലകളെ ഒഴിവാക്കുന്നതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

3/12/2020.

ജില്ലാ കളക്ടർ & ചെയർമാൻ
ജില്ലാ ദുരന്ത നിവാരണ അതോറിറ്റി

സ്വീകർത്താക്കൾ -

1. ജില്ലാ പോലീസ് മേധാവി, ഇടുക്കി
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആ), ഇടുക്കി
3. സബ് കളക്ടർ, ദേവികുളം.
4. റവന്യൂ ഡിവിഷണൽ ഓഫീസർ, ഇടുക്കി.
5. എല്ലാ തഹസിൽദാർമാർക്കും.
6. സെക്രട്ടറി, തൊടുപുഴ/കട്ടപ്പന നഗരസഭ.
7. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് (ഡിഡിപി മുഖേന)
8. ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് (തഹസിൽദാർ മുഖേന)

പകർപ്പ് -

1. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ഇടുക്കി, തൊടുപുഴ
2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി (പ്രസിദ്ധീകരണത്തിനായി)
3. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, എൻ.ഐ.സി, ഇടുക്കി (ജില്ലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. ജില്ലാ കളക്ടറുടെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജിലേക്ക്